<u>**15 -ാം കേരള നിയമസഭ**</u>

<u>**13 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3279**</u> <u>**11-03-2025 - ൽ മറുപടിയ്ക്ക്**</u>

<u>**വി.എച്ച്.എസ്.ഇ. ഗസ്റ്റ് അധ്യാപകർക്ക് കോവിഡ്കാല വേതനം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് പശ്ചാത്തലത്തിൽ അധ്യാപകരും കുട്ടികളും സ്കൂളിൽ ഹാജരാകാതിരുന്ന കാലയളവിൽ ഹയർസെക്കൻഡറി സ്കൂളുകളിൽ ഗസ്റ്റ് അധ്യാപകരായി ജോലി ചെയ്തിരുന്നവർക്ക് വേതനം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ; | (എ) | ഉണ്ട്.<br><br>16/10/2023 ലെ സ.ഉ (സാധാ) 6235/2023/ പൊ.വി.വ നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കാലയളവിൽ സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ താൽക്കാലിക അധ്യാപകരായി ജോലി ചെയ്തിരുന്നവർക്ക് വേതനം നൽകിയിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | കോവിഡ് പശ്ചാത്തലത്തിൽ അധ്യാപകരും കുട്ടികളും സ്ക്കൂളിൽ ഹാജരാകാതിരുന്ന കാലയളവിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ ഗസ്റ്റ് അധ്യാപകരായി ജോലി ചെയ്തിരുന്നവർക്ക് വേതനം അനുവദിക്കുന്നത് സംബന്ധിച്ച് ജെ.എ 2/452/2024/പൊ.വി.വ നമ്പർ ഫയലിൽ പരിശോധിച്ച് വരുന്നു. |
| (സി) | ഹയർസെക്കൻഡറി സ്കൂളുകളിലെ ഗസ്റ്റ് അധ്യാപകർക്ക് വേതനം നൽകിയ ഉത്തരവ് വി.എച്ച്. എസ്.ഇ. ക്കും ബാധകമാക്കി താൽക്കാലിക അധ്യാപകർക്ക് വേതനം നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | കോവിഡ് പശ്ചാത്തലത്തിൽ അധ്യാപകരും കുട്ടികളും സ്ക്കൂളിൽ ഹാജരാകാതിരുന്ന കാലയളവിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ ഗസ്റ്റ് അധ്യാപകരായി ജോലി ചെയ്തിരുന്നവർക്ക് വേതനം അനുവദിക്കുന്നത് സംബന്ധിച്ച് ജെ.എ 2/452/2024/പൊ.വി.വ നമ്പർ ഫയലിൽ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസം-കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ അധ്യാപകരും കുട്ടികളും സ്കൂളിൽ ഹാജരാകാത്ത കാലയളവിൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഗസ്റ്റ് അധ്യാപകരായി തുടർന്നിരുന്നവർക്ക് വേതനം അനുവദിച്ച ഉത്തരവാകുന്നു

---

**പൊതു വിദ്യാഭ്യാസ (ജെ എ ) വകുപ്പ്**

സ.ഉ.(സാധാ) നം.6235/2023/GEDN തീയതി,തിരുവനന്തപുരം, 16-10-2023

---

പരാമർശം:-

1. സ.ഉ (സാധാ) 1957/2021/പൊ വി വ തീയതി 26/02/2021
2. സ.ഉ (സാധാ) 4761/2021/പൊ വി വ തീയതി 22/10/2021
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 05/05/2023 ലെ എ.സി. ഡി.സി5/278165/2023/ഡി.ജി.ഇ/എച്.എസ്.ഇ നമ്പർ കത്ത്
4. ബഹു.സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 27/06/2023 ലെ എച്.ആർ.എം.പി 2428/11/9/2023/കെ.എൻ.ആർ നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

പരാമർശം (2) പ്രകാരം 2021-22 വർഷം നവംബർ 1 മുതൽ എയ്ഡഡ് സ്കൂളുകളിലെ 30 ദിവസത്തിലധികം ദൈർഘ്യമുള്ള ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപക നിയമനം നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. പരാമർശം (1) പ്രകാരം കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ അധ്യാപകരും കുട്ടികളും സ്കൂളിൽ ഹാജരാകാത്ത സാഹചര്യത്തിൽ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളിലെ അധ്യാപക / അനധ്യാപകർക്കു അവർക്കു ഏറ്റവും ഒടുവിൽ നൽകിയ വേതനത്തിന് തുല്യമായ തുക 2021 ജനുവരി മുതൽ സാധാരണ രീതിയിൽ സ്കൂളുകൾ പ്രവർത്തിച്ചു തുടങ്ങുന്നതുവരെ പ്രതിമാസം നൽകുന്നതിനുള്ള അനുവാദം നൽകുകയുണ്ടായി. എന്നാൽ മേൽ ഉത്തരവ് ഹയർ സെക്കണ്ടറി അധ്യാപകർക്ക് ബാധകമാണോ എന്നതിൽ വ്യക്തത ഇല്ല എന്നതിനാൽ ദിവസവേതനാടിസ്ഥാനത്തിൽ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ അധ്യാപകരും കുട്ടികളും സ്കൂളിൽ ഹാജരാകാത്ത സാഹചര്യത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ തുടർന്നിരുന്ന ഹയർ സെക്കണ്ടറി സ്കൂളുകളിലെ അധ്യാപക / അനധ്യാപകർക്കു, അവർക്കു ഏറ്റവും ഒടുവിൽ

നൽകിയ വേതനത്തിന് തുല്യമായ തുക 2021 ജനുവരി മുതൽ സാധാരണ രീതിയിൽ സ്കൂളുകൾ പ്രവർത്തിച്ചു തുടങ്ങുന്നതുവരെ പ്രതിമാസം നൽകുന്നതിനുള്ള അനുവാദം ആർ.ഡി.ഡി.മാർ നൽകിയിട്ടില്ല. കോവിഡ് മഹാമാരിയെ തുടർന്ന് 2020 ജൂൺ മുതൽ ഹയർ സെക്കണ്ടറി ക്ലാസ്സുകൾ ഓൺലൈനായിട്ടാണ് കൈകാര്യം ചെയ്തിരുന്നതെന്നും 2021 ജനുവരി മുതൽ പ്ലസ് ടു ക്ളാസുകൾ തുറന്നു പ്രവർത്തിക്കുകയും ചെയ്തുവെന്നും ഈ കാലയളവിൽ കോളേജിലും, ഹൈസ്കൂളിലും, യു.പി യിലും ഗസ്റ്റ് സാലറി അനുവദിച്ചിരുന്നുവെന്നും യാതൊരുവിധ വേതനവും ലഭിക്കാതെ ഓൺലൈനായും ഓഫ്ലൈനായും കഠിനപ്രയത്നം ചെയ്തിട്ടാണ് വിദ്യാർത്ഥികളെ ഉന്നതവിജയത്തിലെത്തിക്കാൻ സാധിച്ചതെന്നും ആയതിനാൽ തങ്ങൾക്ക് 2020 ജൂൺ മുതൽ 2021 ഒക്ടോബർ വരെയുള്ള ഗസ്റ്റ് സാലറി ഏറ്റവും ഒടുവിൽ വാങ്ങിയ വേതനത്തിന് തുല്യമായ തുക അനുവദിച്ച് നൽകണമെന്ന് അപേക്ഷിച്ചുകൊണ്ടു വിവിധ നിവേദനങ്ങൾ സർക്കാരിന് ലഭിക്കുകയുണ്ടായി.

2. കൂടാതെ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ 2020-21 അധ്യയനവർഷത്തിൽ സ്കൂൾ പ്രവർത്തിക്കാത്ത അവസരത്തിൽ ഓൺലൈനായി ക്ലാസെടുത്ത അദ്ധ്യാപകർക്ക് നിയമാനുസൃതം വേതനം ലഭിക്കുവാൻ അർഹതയുള്ളതാണ് എന്നും ആകയാൽ ഇക്കാര്യം പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ ഇതു സംബന്ധിച്ച ഉത്തരവു പുറപ്പെടുവിക്കുവാനും ബഹു.സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ പരാമർശം (4) ഉത്തരവിലൂടെ സർക്കാരിനോട് നിർദേശിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. പരാമർശം (1) പ്രകാരം സെക്കണ്ടറി തലം വരെയുള്ള അധ്യാപകർക്ക് അനുവദിക്കപ്പെട്ട ആനുകൂല്യങ്ങൾക്ക് സമാനമായി കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ അധ്യാപകരും കുട്ടികളും സ്കൂളിൽ ഹാജരാകാത്ത സാഹചര്യത്തിൽ ഗസ്റ്റ് അധ്യാപകരായി തുടർന്നിരുന്ന ഹയർ സെക്കണ്ടറി സ്കൂളുകളിലെ അധ്യാപകർക്കു, അവർ ഓൺലൈനായി ക്ളാസ്സുകൾ കൈകാര്യം ചെയ്തിരുന്നതായുള്ള പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ, അവർക്കു ഏറ്റവും ഒടുവിൽ നൽകിയ വേതനത്തിന് തുല്യമായ തുക 2021 ജനുവരി മുതൽ സാധാരണ രീതിയിൽ സ്കൂളുകൾ പ്രവർത്തിച്ചു തുടങ്ങുന്നതുവരെ പ്രതിമാസം നൽകുന്നതിനുള്ള അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഇപ്രകാരം ബഹു.സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (4) ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ , ബഹു.കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ,പി.എം.ജി ജംഗ്ഷൻ,തിരുവനന്തപുരം.

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം) തിരുവനന്തപുരം

എല്ലാ ഹയർ സെക്കണ്ടറി മേഖല ഉപഡയറക്ടർമാർക്കും (ഡയറക്ടർ മുഖേന )

എല്ലാ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാർക്കും (ഡയറക്ടർ മുഖേന )

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ &ഇ ) കേരള തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ